**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 66 28.11.2018- ൽ മറുപടിയ്ക്ക്

**പ്രളയാനന്തര കേരള പുനർനിർമ്മാണം**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രളയ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുന:നിർമ്മാണത്തിനായി വിദേശ രാജ്യങ്ങളിൽ നിന്നും ഏജൻസികളിൽ നിന്നും എന്തെല്ലാം വാഗ്ദാനങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്; വിശദവിവരങ്ങൾ നൽകുമോ; | എ) | പ്രളയപശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി വിദേശരാജ്യങ്ങളിലെ മലയാളികളിൽ നിന്നും മലയാളി അസോസിയേഷനുകളിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ധനസഹായം ലഭ്യമായിട്ടുണ്ട്. |
| ബി) | ഈ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാർ എന്തെല്ലാം തടസ്സവാദങ്ങളാണ് ഉന്നയിക്കുന്നത്; | ബി), സി) & ഡി) | കേരളത്തിന്റെ പ്രളയാനന്തര പുനർ നിർമ്മാണത്തിന് സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് മലയാളികളുടെ പ്രകടമായ സാന്നിധ്യം ഉള്ള വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാന മന്ത്രിമാരെയും സീനിയർ ഉദ്യോഗസ്ഥൻമാരെയും നിയോഗിച്ചുകൊണ്ട് G.O.(MS) No.5/2018/Norka dtd. 19.09.2018 പ്രകാരം സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ മുഖ്യമന്ത്രി ഉൾപ്പെട്ട സംഘത്തിനൊഴികെ മറ്റാർക്കും കേന്ദ്ര സർക്കാർ അനുമതി നൽകിയില്ല. |
| സി) | വിദേശ വാഗ്ദാനങ്ങൾ സ്വീകരിക്കുന്നതിൽ കേന്ദ്രം പക്ഷപാതപരമായാണോ സംസ്ഥാനത്തോട് പെരുമാറുന്നത്; വിശദവിവരം നൽകുമോ; | | |
| ഡി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന് സ്വീകരിക്കുവാൻ കഴിയുന്ന തുടർനടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ